(ഇ) അസംഘടിത മേഖലയിൽ ഇനി എത്രത്തോളം പേർ പെൻഷൻ പരിധിയിൽ വരാത്തവരായി അവശേഷിച്ചിട്ടുണ്ടെന്ന് പഠനം നടത്തിയിട്ടുണ്ടോ ;

(എഫ്) സംഘടിത മേഖലയിൽ ഏതെങ്കിലും പെൻഷൻ പദ്ധതിയുടെ പരിധിയിൽ വരാത്ത ആളുകൾ ഉണ്ടോ എന്നത് പരിശോധിച്ചിട്ടുണ്ടോ ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) :

(എ) യും (ബി) യും ഇല്ല.

(സി) ഇതു സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിൽ നിന്നും വിവരങ്ങളൊന്നും ലഭിച്ചിട്ടില്ല. എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് ഓർഗനൈസേഷന്റെ കേന്ദ്ര ഓഫീസിൽ നിന്നും 8-2-2000 ൽ ധാവേ കമ്മിറ്റി റിപ്പോർട്ട് ചർച്ച ചെയ്യാൻ സെൻട്രൽ ബോർഡ് ഓഫ് ട്രസ്റ്റീസ് സ്പെഷ്യൽ മീറ്റിംഗ് വിളിച്ചു കൂട്ടുന്നതിന്റെ വിവരവും ധാവേ കമ്മിറ്റി റിപ്പോർട്ടിന്മേൽ സി.ബി.ടി. അംഗമായ ശ്രീ.ഡബ്ല്യൂ ആർ.വരദരാജൻ സമർപ്പിച്ച ക്രിട്ടിക്കൽ നോട്ട് ലഭിക്കുകയുണ്ടായി.

(ഡി) ഇല്ല.

(ഇ) യും (എഫ്) ഉം ഇല്ല.

സഹകരണ ബാങ്കുകൾ വഴി കർഷകർക്ക് പലിശരഹിത വായ്പ നൽകുന്ന പദ്ധതി

9 (*39) ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ :
ശ്രീ. എം. പി. വർഗ്ഗീസ് :
ശ്രീ. എ. അലിഹസ്സൻ :
ശ്രീ. വി. കെ. ചന്ദ്രൻ :
ശ്രീ. എൻ. ആർ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും, സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) സംസ്ഥാനത്ത് സഹകരണ ബാങ്കുകൾ വഴി ഗ്രാമീണ കർഷകർക്ക് പലിശരഹിത വായ്പ നൽകുന്ന ഏതെങ്കിലും പദ്ധതി നിലവിലുണ്ടോ ;

(ബി) ഗ്രാമീണ കർഷകർക്ക് പലിശരഹിത വായ്പ നൽകുന്നതിനായി സ്വയം സഹായ പദ്ധതി എന്ന പേരിൽ സംഘങ്ങൾ പ്രവർത്തിച്ചു വരുന്നുണ്ടോ; എങ്കിൽ എവിടെയൊക്കെ എന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്ന സ്വയം സഹായ പദ്ധതികളുടെ സവിശേഷതകൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ ;

(ഡി) 'സ്വയം സഹായ പദ്ധതി' പ്രകാരമുള്ള സഹകരണ സംഘങ്ങളുടെ നടത്തിപ്പിനായി ബഡ്ജറ്റിൽ തുക വകക്കൊള്ളിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) സ്വയം സഹായ പദ്ധതിപ്രകാരം ഗ്രാമീണ കർഷകർക്ക് നൽകി വരുന്ന വായ്പ തുക സർക്കാരും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും എത്ര ശതമാനം വീതം പലിശ നൽകുമെന്ന് വ്യവസ്ഥ ചെയ്യാനാണ് തീരുമാനിച്ചിട്ടുള്ളത്; വിശദാംശം വെളിപ്പെടുത്താമോ ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) ഗ്രാമീണ കർഷകർക്ക് സഹകരണ ബാങ്കുകൾ വഴി പലിശരഹിത വായ്പ നൽകുന്ന പദ്ധതി സംസ്ഥാനത്ത് നിലവിലില്ല.

(ബി) കാർഷിക വികസനം ലക്ഷ്യമാക്കി സഹകരണ സംഘങ്ങളിൽകൂടി കർഷകരേയും, കർഷകത്തൊഴിലാളികളേയും കാർഷിക പ്രവർത്തനത്തിൽ താല്പര്യമുള്ള ഭൂവുടമകളേയും ഉൾപ്പെടുത്തി കൊണ്ടുള്ള സ്വാശ്രയ സഹായ പദ്ധതിയാണ് പ്രവർത്തിച്ചു വരുന്നത്. 1997-ൽ ഈ പദ്ധതി ആദ്യം കണ്ണൂർ ജില്ലയിൽ ആരംഭിക്കുകയും 1998-ൽ എറണാകുളം, പാലക്കാട് ജില്ലകളിലേക്ക് വ്യാപിപ്പിക്കുകയും ചെയ്തു. 1999-ൽ തിരുവനന്തപുരം, ആലപ്പുഴ, തൃശ്ശൂർ ജില്ലകളിലേയ്ക്കും ഈ പദ്ധതി വ്യാപിപ്പിച്ചിട്ടുണ്ട്. കേരളത്തിലെ മറ്റെല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുവാനുള്ള അനുമതി ഇപ്പോൾ നൽകിയിട്ടുണ്ട്.

(സി) നാമമാത്രകർഷകർ, കൃഷിയിൽ താല്പര്യമുള്ള ഭൂവുടമകൾ, ഭൂരഹിത കർഷക തൊഴിലാളികൾ കാർഷിക വൃത്തിയിൽ താല്പര്യമുള്ളവർ, ട്രൈബൽ ജനവിഭാഗങ്ങൾ എന്നിവരെ കൂട്ടിയോജിപ്പിച്ച് കാർഷിക രംഗത്തെ ഉല്പാദന പ്രക്രീയ നിലനിർത്തുന്നതിന് ഉപകാരപ്രദമാകുന്നു എന്നതാണ് സ്വയം സഹായ പദ്ധതിയുടെ പ്രധാന സവിശേഷത. കേരളത്തിലെ കാർഷിക മേഖല അഭിമുഖീകരിക്കുന്ന നാനാവിധ പ്രശ്നങ്ങൾക്ക് വളരെ ആശ്വാസം നൽകുവാൻ ഈ പദ്ധതിക്കു സാധിക്കുന്നുണ്ട്. നഷ്ടപ്പെട്ടുപോയ കാർഷിക രംഗത്തെ കൂട്ടായ്മയും കാർഷിക സഹകരണ സംഘങ്ങളുടെ ഇടപെടലും തിരിച്ചുകൊണ്ടു വരുവാനുള്ള ശ്രമകരമായ ഒരു സംരംഭമാണ് ഈ പദ്ധതി.

(ഡി) പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിലൂടെയുള്ള സ്വയം സഹായ പദ്ധതിയുടെ നടത്തിപ്പിനായി തൻവർഷത്തെ ബഡ്ജറ്റിൽ സബ്സിഡി, ഷെയർ, ലോൺ, എന്നീ ഇനങ്ങളിലായി യഥാക്രമം 24 ലക്ഷം, 125 ലക്ഷം, 25 ലക്ഷം രൂപ വക കൊള്ളിച്ചിട്ടുണ്ട്.

(ഇ) സ്വയം സഹായ പദ്ധതിക്ക് നൽകി വരുന്ന വായ്പയ്ക്കുള്ള നിർദ്ദിഷ്ട 9.5% പലിശയിൽ 5% പ്രൊഡക്ഷൻ ഇൻസെന്റിവ് ഗ്രാന്റായി ഗ്രൂപ്പുകൾക്ക് നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്. പലിശയിൽ ബാക്കി വരുന്ന തുക തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ കൃഷിക്ക് നീക്കിവച്ചിട്ടുള്ള വിഹിതത്തിൽ നിന്ന് നൽകുവാൻ സാധിക്കുമോ എന്നത് പരിശോധിച്ചു വരുന്നു. ഇത് സാധ്യമാവുകയാണെങ്കിൽ സ്വാശ്രയ ഗ്രൂപ്പുകൾക്ക് പലിശരഹിത വായ്പ എന്ന ലക്ഷ്യം നിറവേറ്റാനാകും.

LIBRARY ARCHIVES Kerala Legislative Assembly